**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4165** **03-03-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയുടെ വീട്ടും വസ്തുവും പണയമായി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള വസ്തു പന്ത്രണ്ട് വർഷത്തേക്ക് അന്യാധീനപ്പെടുത്തുന്നതല്ലെന്ന് കരാർ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ നൽകിയവർക്ക് അവിടെ നിന്നും ലഭിക്കുന്ന ബാധ്യതാ സർട്ടിഫിക്കറ്റിൽ ഇങ്ങനെ ബാധ്യത ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ധനകാര്യ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് വായ്പ നൽകാൻ വിമുഖത കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഈ സാഹചര്യത്തിൽ ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ വീട്ടും വസ്തുവും പണയമായി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കാമെന്ന് കാണിച്ചുള്ള 07.07.2010-ലെ സ.ഉ.(സാധാ) നം. 2234/2010/ത.സ്വ.ഭ.വ ഉത്തരവിന് സമാനമായി ലൈഫ് പദ്ധതി പ്രകാരമുള്ള വീട്ടും വസ്തുവും പണയമായി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കാമെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 10.09.2014 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2368/14/തസ്വഭ അനുബന്ധമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണം വഴി നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നത് - അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം.2368/14/തസ്വഭവ തിരുവനന്തപുരം, തീയതി : 10/09/2014**

**പരാമർശം - 1. സ.ഉ.(സാധാ)നം. 2234/10/തസ്വഭവ തീയതി 07/07/2010.**
**2.അടൂർ നഗരസഭാ ചെയർമാന്റെ 03/06/2014 -ലെ കത്ത്.**
**3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13/08/2014 ലെ 3.8 നമ്പർ തീരുമാനം.**

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെ ഭവനം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഇ.എം.എസ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ചത് പോലെ, വീടും സ്ഥലവും പണയപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭിയ്ക്കുന്നതിന് തടസ്സമില്ലായെന്ന ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് പരാമർശം (2) പ്രകാരം അടൂർ നഗരസഭാ ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം വിശദമായി പിരശോധിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുക്കുന്നതിന് അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സി.വൽസല**

ഗവ. ജോയിൻറ് സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, IKM, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

സെക്രട്ടറി, സഹകരണ വകുപ്പ്

രജിസ്ട്രാർ, സഹകരണ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ